## പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 497 — 30/06/2016-ൽ മറുപടിക്ക്

## പട്ടിക വർഗ്ഗ ക്ഷേമപദ്ധതികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ.വി.വിജയദാസ് :<br>„ പി. ഉണ്ണി :<br>„ ബി.ഡി. ദേവസ്സി :<br>„ കാരാട്ട് റസാഖ് : | | ശ്രീ. എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി) | |
| എ) | മുൻ സർക്കാരിന്റെ കാലത്ത് അട്ടപ്പാടി മേഖലയിൽ പട്ടിക വർഗ്ഗത്തിൽപ്പെട്ട നൂറോളം നവജാതശിശുക്കൾ മരിക്കാനിടയായ സാഹചര്യം പരിശോധിച്ചിരുന്നോ; വിശദാംശം നൽകുമോ ; | എ) | പരിശോധിച്ചിരുന്നു. അമ്മമാരുടെ പോഷകാഹാരക്കുറവ് മൂലം തൂക്കക്കുറവോടുകൂടി ജനിക്കുന്ന കുഞ്ഞുങ്ങളാണ് പ്രധാനമായും മരണപ്പെട്ടിരുന്നത്. ഇത്തരം കുഞ്ഞുങ്ങൾക്ക് ജന്മനാലോ, പിന്നീടോ ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടായിരുന്നതായി ആരോഗ്യ വകുപ്പ് റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ട്. വീട്ടുകളിൽ നടന്നിരുന്ന പ്രസവം, കുടുംബത്തിൽ നിന്നും പ്രസവ പരിചരണം ലഭിക്കാതിരുന്നത്, ചികിത്സാ വൈമുഖ്യം, വാഹന സൗകര്യത്തിന്റെ അഭാവം, മുലയൂട്ടുമ്പോൾ അനുഭവപ്പെട്ട ശ്വാസ തടസ്സം തുടങ്ങിയവയായിരുന്നു ശിശുമരണങ്ങളുടെ പ്രധാനകാരണങ്ങൾ. സർക്കാർ വകുപ്പുകളുടെ നിരന്തര ഇടപെടൽ നിമിത്തം ഇത്തരം കാരണങ്ങൾക്ക് പരിഹാരം കണ്ടെത്തി ശിശുമരണനിരക്ക് കുറച്ച്കൊണ്ടു വരുവാൻ കഴിഞ്ഞിട്ടുണ്ട്. |
| ബി) | പട്ടികവർഗ്ഗത്തിൽപ്പെട്ട പ്രത്യേകിച്ച് ശിശുക്കളും അമ്മമാരും പട്ടിണി കൊണ്ടും ചികിത്സ ലഭിക്കാതെയും മരിക്കാനിടയായ സാഹചര്യം ഇല്ലാതാക്കാൻ ഈ സർക്കാർ നടപ്പാക്കാനുദ്ദേശിക്കുന്ന വികസന-ക്ഷേമ പദ്ധതികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ? | ബി) | പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിൽ നടപ്പാക്കുന്ന എല്ലാ ക്ഷേമ പദ്ധതികളും പട്ടികവർഗ്ഗക്കാരുടെ സമഗ്ര പുരോഗതി ലക്ഷ്യമാക്കിയിട്ടുള്ളതാണ്. ശിശുക്കളുടെയും അമ്മമാരുടെയും ആരോഗ്യ സംരക്ഷണം മുൻനിർത്തി ഭക്ഷ്യ സഹായ പദ്ധതി, ജനനി-ജന്മരക്ഷ പദ്ധതി എന്നിവ പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കിവരുന്നു. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എല്ലാവർക്കും എല്ലാത്തരം ചികിത്സയും സൗജന്യമാക്കുന്ന സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതിയും വകുപ്പ് നടപ്പിലാക്കുന്നുണ്ട്. കൂടാതെ, ഭക്ഷ്യ ലഭ്യത ഉറപ്പുവരുത്തുന്നതിനായി സംസ്ഥാന സാമൂഹ്യനീതി വകുപ്പിന്റെ സഹകരണത്തോടെ 192 പട്ടികവർഗ്ഗ ഊരുകളിൽ 'കമ്മ്യൂണിറ്റി കിച്ചൻ' എന്ന പദ്ധതിയും നടപ്പിലാക്കി വരുന്നുണ്ട്. |

R. V—

സെക്ഷൻ ഓഫീസർ